
രസന
little KITEs
ഗവ.ദേവീവിലാസം.ഹയർസെക്കണ്ടറിസ്കൂൾ വെച്ചൂർ


കോട്ടയം ജില്ലാ
REDMI NOTE 5 PRO
MI DUAL CAMERA

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ : സാനിയ ഇ.എം 9A

സ്റ്റാഫ് എഡിറ്റേഴ്സ് : വിജയലക്ഷ്മി ആർ (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)

ഗീതാദേവി ജെ (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)

ശോഭന കെ.വി (എസ്.ഐ.റ്റി.സി)

സ്റ്റുഡന്റ് എഡിറ്റേഴ്സ് : ഗോപീകൃഷ്ണൻ

ആതിര പ്രകാശ്

നന്ദിനിശേഖർ

അനുസുധ

## ഉള്ളടക്കം


മുഖക്കുറിപ്പ്............6
വയോജനദിനം............7
പാഴ് ക്കിനാക്കൾ............10
............12
മോചനം............12
മാവേലിയാം വരവതുണ്ടേ............14
കുപ്പിവളകളുടെ കിലുക്കം............15
ആരുമില്ലേ...?............17
മഴയുടെ താളം............18
കൃഷിച്ചൊല്ലുകൾ............19
താമരപ്പൂക്കളിലെ തിളക്കം............20
നിറമണിഞ്ഞ സ്വപ്നങ്ങൾ............21
മനസ്സിൽ വിരിയുന്ന പുഷ്പം............23
മഴകാത്ത്............25
സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം............27
മിഴിതുറന്നപ്പോൾ............33
വൈക്കത്തഷ്ടമി............34
ഒറ്റയടിപ്പാതയിലൂടെ നടന്നുനീങ്ങുന്നയാൾ............36
കൂട് നഷ്ടപ്പെട്ട കിളി............38
അഷ്ടമി നാളിൽ............40
ഒറ്റയടി പാതയിലൂടെ............42
നടന്നുനീങ്ങുന്നയാൾ............42
സ്വർണ്ണത്തെക്കാൾ മൂല്യമുള്ളവർ............44
യാത്ര............45
കന്യാകുമാരിയിലേക്ക്............46

## ആശംസ



ലിറ്റിൽ കൈറ്റ്സ് 2019-20 അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'രസന' കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രദർശിപ്പിക്കുന്ന വിധമാണ് നിങ്ങൾക്കു മുൻപിൽ അഭിമാനപൂർവ്വം അവതരിപ്പിക്കുന്നത്. അണിയറ ശില്പികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

മുഹമ്മദ് അലി എം.കെ( ഹെഡ് മാസ്റ്റർ)

ഒപ്പ്

# മുഖക്കുറിപ്പ്

പുലരിക്കതിരവൻ ചെഞ്ചായം പൂശുന്ന പ്രഭാതവും,കിളികളുടെ സങ്കീർ ത്തനങ്ങളും അനന്തവും അഗാധവുമായ അലയാഴിയുടെ നിലയ്ക്കാത്ത സംഗീതവും മന്ദമാരുതന്റെ ജീവതാളവും ആകാശത്തിന്റെ അഗാധനീലിമയും ഋതുപ്പകർച്ചകളും ശ്യാമളവും നിബിഡവുമായ സസ്യലതാദികളും അസ്തമയത്തിന്റെ മായികഭാവവും എല്ലാംനിറഞ്ഞ പ്രകൃതിയുടെ രാമണീയ ഭാവങ്ങൾ ആരെയാണ് ഹർഷപുളകിത രാക്കാത്തത്. വിദ്യാലയത്തിന്റെ ഇത്തിരിവട്ടത്തിൽ നിന്നും അനന്തവിസ്തൃതമായ പ്രകൃതിയുടെനിത്യവിസ് മയങ്ങളിലേക്ക് മിഴി തുറക്കുവാനും ഒപ്പം മനുഷ്യ ജീവിത ത്തിന്റെ വൈവിധ്യങ്ങളെയും വൈചിത്ര്യങ്ങളെയും അപഗ്രഥിച്ച് ആത്മാംശമാക്കി ജീവസ്സുറ്റ രചനകളായി പരിവർത്തിപ്പിക്കാനും നമ്മുടെ കുട്ടുകാർ ക്ക കഴിഞ്ഞു എന്നതിന്റെ നേർസാക്ഷ്യമാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ 'രസന'എന്ന ഡിജിറ്റൽ മാഗസിൻ.

ആദികവിയുടെ നാവിൽ നിന്നുയർന്ന'മാനിഷാദ' എന്ന ആദികവിത ഒരു വേടന്റെ കാട്ടാളത്തത്തിനോടുള്ള കവിയുടെ പ്രതിഷേധം നിറഞ്ഞപ്രതികരണമായിരുന്നു.അധാർമികതയ്ക്കും,അരുതായ്മകൾക്കുമെതിരെയുള്ള ശക്തമായ പ്രതികരണമാണല്ലോ എക്കാലത്തെയുംഉത്തമ സാഹിത്യം.ഈ 'രസന'യിൽ സമകാലിക സമൂഹത്തിന്റെ സങ്കീർണ്ണതകളും, മൂല്യച്യുതിയും മോഹങ്ങളും, മോഹഭംഗങ്ങളും അക്ഷരരൂപം പ്രാപിക്കുന്നു. പുതുതലമുറപുലർ ത്തുന്ന ഈ യാഥാർഥ്യബോധം ഭാവിസാഹിത്യത്തെക്കുറിച്ച് പ്രത്യാശ നൽകുന്നു.വായനയും എഴുത്തുംഅന്യമാകുന്ന പുതിയ കാലഘട്ടത്തിൽ അനുഭവങ്ങളെ ആർജ്ജവത്തോടെയും, തീക്ഷ്ണതയോടെയും ആ വിഷ്ക്കരിക്കാൻ കഴിയുന്ന ഒരു തലമുറ ഇവിടെ വളർന്നു വരുന്നു എന്നത് അഭിമാനകരമാണ്.'ജീവിതത്തിന്റെ കടലിൽനിന്നുംമഷി'ചാലിച്ചെഴുതിയ ഇതിലെ രചനകളോരോന്നും കുട്ടികളുടെ ഭാവനയെയും സർഗ്ഗാ ത്മകതയെയും ഉയർത്തിക്കാട്ടുന്നു.സന്തോഷപൂർവം 'രസന' നിങ്ങൾക്കായി സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

## കഥ

## വയോജനദിനം

എന്തിനാണ് ഈ സമയം ഇത്ര തിരക്കിട്ട് ഓടുന്നത് എന്ന് മനസ്സിൽ മന്ത്രിച്ച് അവൾ കൂടുതൽ ധൃതിയിൽ നടന്നു.എവിടയോ മറന്ന രണ്ടു കൈകൾ.പിച്ചച്ചട്ടിയിൽ വിരലുകൾ അമർത്തി,എല്ലും തോലുമായ ഒരു സ്ത്രീ.സമയമില്ലായ്മയുടെ മറവിൽ ഒറ്റ നോട്ടം.ഏതോ വിങ്ങിപ്പൊട്ടുന്ന അലകടലിന്റെനടുവിലാണ് അവൾ ചിന്തിച്ചുപോ യി.ജീവിത യാഥാർത്ഥ്യങ്ങളെ തിരിഞ്ഞു നോക്കാൻആഗ്രഹിച്ചില്ലെങ്കിലും ഒരു നിമിഷം അവൾ പല ദൂരം സഞ്ചരിച്ചു.

രണ്ടു വർഷം മുൻപ് മൂകാംബിക ദർശനത്തിന് സ്നേഹത്തിന്റെ ഇരമ്പലോടെ കാറിൽ താൻ കയറ്റിയ അമ്മയെ അവൾ ഒരു കൺചിമ്മലോടെ ഒർത്തു.പക്ഷേ യാത്ര വൃദ്ധസദനത്തിലേക്കായിരുന്നു.'ST.Thomas old age home എന്ന ബോർഡിലൂടെ അമ്മ സ്വയം വിങ്ങിപ്പൊട്ടി.പിടിവിടാതെ തന്റെ കൈകളെ ഇറുക്കി പിടിച്ച അമ്മയുടെ ആ കൈകളെ ഒരു ചെടിയിൽ നിന്ന് പൂവിനെ വേർപ്പിരിക്കുന്ന ലാഘവത്തോടെ

അവൾ പറിച്ചുമാറ്റി.ഒരു പ്രാർത്ഥനയുടെ മറവിൽ അമ്മ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞു.പൊടുന്നനെ ഇല്ലാതായ സ്നേഹബന്ധങ്ങളെയോർത്ത് കണ്ണുനീരോടെ അമ്മ ഉരുകി തീർന്നു.

ബസ്സിന്റെ ഉയർന്ന ഹോണടി അവളെ പിൻ കാലത്തിൽ നിന്നും ഓടിച്ചു.വാർധക്യത്തിന്റെ നിസ്സഹായ ഭാവത്തെ ഒന്നു കൂടി ഊർജത്തോടെ നോക്കി.ഒരു ചില്ലറത്തുട്ട് എറിഞ്ഞു കൊടുത്ത് അവൾ വീണ്ടും നടന്നു.ബസ്സിന്റെ സീറ്റിലിരുന്നപ്പോഴും ആ ദൃശ്യം അവളെ വീണ്ടും വീണ്ടും സ്വാധീനിച്ചു.

ചോറുരുളകളിൽ രസം കണ്ടെത്തിയ നാളുകൾ,കുയിലിനേയും കാക്കയെയുംകണ്ട ബരന്ന നിമിഷങ്ങൾ.വാനത്തിന്റെ നെറ്റിയിലെ കുങ്കമപ്പൊട്ടിന്റെ അസ്തമനത്തെ ആസ്വദിച്ച ബാല്യ
കാലം.അമ്മയുടെ സാരിത്തുമ്പിൽ നിന്ന് പിടിവിടാതെ ആ ബാലികയെ ഒരു വിതുമ്പലോടെ ഓർത്തു.അകം പൊള്ളയായ ജീവിതമാണ് താൻ നയിക്കുന്നത്.ഏതോ ദു:ഖ സഞ്ചാരങ്ങളുടെ ഇടവിട്ട ഓർപ്പെടുത്തലോടെ അവൾ മൗനത്തിന്റെ നിഴൽ പരപ്പുകളിൽ എത്തപ്പെട്ടു.വാർധക്യ സഹജമായ ഓർമ്മക്കുറവുകൾ അവളെ രണ്ടു വർഷം മുമ്പ്

അലട്ടിയിരുന്നു.'മോളെ' എന്ന വിളി അറപ്പോടെ നോക്കിക്കണ്ടിരുന്നു.ഇന്ന് താനൊരു അധ്യപികയാ-
ണ്.കുട്ടികൾ നല്ലതു മാത്രം പറഞ്ഞു കൊടുത്തും നന്മയുടെ പാതയിലൂടെ നടക്കാനും പഠിപ്പിക്കുന്ന ഒരാൾ.മാതൃത്വം

എന്താണെന്ന് താൻ തിരിച്ചറിഞ്ഞപ്പോൾ സ്വയം ഇല്ലാതായപ്പോ-
ഴുള്ള തോന്നൽ.അവളിൽ ഇതളിട്ടു.’Oct 2’വയോജന ദിനത്തിന്റെ
ആഘോഷച്ചടങ്ങുകളിൽ പങ്കാളിയാവാൻ പോവുകയാണ് താൻ.

സ്റ്റോപ്പെത്തി.സ്കൂളിന്റെ പടികൾ ഓരോ ബാല്യ ചിത്രങ്ങൾ വരച്ചു കാട്ടുന്നത് പോലെ.സ്റ്റേജിൽ കൊളുത്തി വച്ചിരിക്കുന്ന നിലവിളക്കിന്റെ പ്രകാശം ഇനിയും എരിഞ്ഞു തീരാതെ ഉള്ളിൽ കിടന്ന തിന്മകളെ കണ്ണീരായി പുറത്ത് കൊണ്ടുവന്നു. താൻ പറിച്ചു നട്ട പനിനീർ പുഷ്പത്തിന്റെ മുള്ളുകൾ ഇന്ന്തന്റെഹൃദയത്തിലാണ് ക്ഷതമേൽപ്പിച്ചത്.ആകാശ നീലിമയും സൂര്യകിരണങ്ങളും അമ്മയുടെ മുഖം അവളുടെ മനസ്സിൽ ജ്വലിപ്പിച്ചു കാട്ടി.

നന്ദിനി ശേഖർ

10 ബി



**കവിത**

# പാഴ് ക്കിനാക്കൾ

**ഇന്നലെ പാതിരാവെത്തിയ നേരത്ത്
പാഴ് ക്കിനാക്കൾ കണ്ടിരുന്ന ഞാൻ പെട്ടെന്ന്
മുറ്റത്തതാ കണിക്കൊന്നയിൽ വന്നിരു-
ന്നേതോ കിളി ചിലച്ചുത്തിലായ്.
രാവിന്റെ ഏകാന്തതീരത്തിരുന്ന ഞാൻ
ഭാണ്ഡങ്ങളോരോന്നഴിച്ചു കുടയവേ
വേരറ്റു പോയൊരെൻ സ്നേഹബന്ധത്തിന്റെ
ക്ലാവും, കനവും,കനലാർന്ന സ്വപ്നവും
പാതിമിഴിയാലുറക്കം തിരിതാഴ്ത്തി
ഓതുകയാണ് ഗതകാലമെന്നോട്.
പാതിരാനേരത്ത് ഉമ്മറക്കോലായിൽ
ഒറ്റയ്ക്കിരുന്ന നീയെന്തു ചെയ് വൂ കുട്ടീ
അമ്മ പതിഞ്ഞ സ്വരത്തിൽ ശകാരിക്കേ
ഒന്നുമില്ലമ്മേ പറഞ്ഞു ഞാനെപ്പഴോ
സ്നേഹവായ്പോടെന്നെയാലിംഗനം ചെയ്ക
നേർത്ത പീലിത്തണ്ടുമെങ്ങോ മറഞ്ഞുപോയ്
പാതിപകുത്തടുത്തെൻ നേർക്കുനീട്ടിയ
ജീവിതമെല്ലാം കരിഞ്ഞു കൺമുന്നിലായ്
പാപ പുണ്യത്തിന്റെ പരകായവേഷത്തിൽ
മാഞ്ഞുപോയ് മാറാലകെട്ടിയ മോഹങ്ങൾ
ഇന്നീ തളർത്തും തമസ്സിന്റെയത്രയും
നീറിപ്പിടിക്കും തണുപ്പിൻ തലോടലും**

നേരിന്റെ തേങ്ങലും വർഷവും,വേനലും
വേനലിൽ കത്തിക്കരിഞ്ഞ പൂക്കാലവും
വയ്യെനിക്കോർക്കുവാൻ ഹൃത്തടം പൊട്ടുന്ന
ഗതകാലസ്മരണകൾ പാഴ്ക്കിനാവാക്കി
ച്ചരിച്ചൊറ്റ മോന്തിനകത്താക്കിയപ്പോൾ
ഭാണ്ട്ഡം നിറയുന്ന വേച്ചുവേച്ചിനിയെത്ര
താണ്ടണം ഞാനിനിയുമോർമ്മതൻതേരിൽ

എ.സി ബാബു





കഥ

## മോചനം

ഉച്ചവെയിൽ കനത്തുകൊണ്ടിരുന്ന മടയിലെ പാറക്കഷണങ്ങൾ ചുട്ടുപഴുക്കുന്ന പാറു സ്വന്തം കാലിലേക്കു നോക്കി,വിള്ളലുകളുടെ എണ്ണം കൂടിയിട്ടുണ്ടെന്നു തോന്നുന്നു ഉപ്പൂറ്റിക്കുമുകളിൽ നിന്ന് ഒരു മുറിവിലൂടെ ചോര കിനിയുന്നുണ്ട് "ഈ നശിച്ച ജീവിതം ഒന്നവസാനിച്ചെങ്കിൽ";അവളുടെ കരിപുരണ്ട മുഖത്ത് കല്ലിൻെറ ചീളുകൾ കൊണ്ടു കീറിയത് ഉണങ്ങിക്കിടപ്പുണ്ട് "ഇതെന്താ ടീ....!

പോയിപ്പണിയെടുക്കടീ! മണിയൻ മുതലാളിയുടെ ആക്രോശം" "മൊതലാളി ഇതു കണ്ടോ...കാലു പൊട്ടി"ഒരെണ്ണമങ്ങു വച്ചുതന്നാലുണ്ടല്ലോ... പോടി...! അയാൾ അവളെ ആഞ്ഞുചവിട്ടി. അവൾ വേച്ചു വേച്ചു നിങ്ങി.അവളുടെ കണ്ണുകൾ ത്രിസന്ധ്യാകാശം പോലെ കലങ്ങിയിരുന്നു.ഒരു വലിയ കല്ല് അവളുടെ ചുമലിൽ

വച്ചുകൊടുത്തു.അവളുടെ കൊച്ചുതോളുകൾക്ക് അതിനെ താങ്ങാനായില്ല.വിയർപ്പുതുള്ളികൾ മുറിവുകളെ നീറ്റിക്കൊണ്ടിരുന്നു
ചോരകൊണ്ട് പാറുവിൻെറ കാലുകൾ കുതിർന്നു.ഒരു പാറയുടെ മുകളിൽലേക്ക് അവൾ അടിതെറ്റി...കുറച്ചു സമയം കഴിഞ്ഞപ്പോൾ
പാറുവിനെ കാണാതായി.കണ്ടുകിട്ടിയ തൊഴിലാളി വിളിച്ചുപറഞ്ഞു .അവൾ മരണത്തിൽലൂടെ മോചിക്കപ്പെട്ടിരുന്നു.

-ഗോപീകൃഷ്ണൻ 9.C

# മാവേലിയാം വരവതുണ്ടേ

ആയിരം കാതം വടവടക്കുന്ന്
വരവതുണ്ടെന്റെ മാവേലിയാം
മാനുഴരുടെ വാഴിച്ച കാണാൻ
മാവേലിയാം വരവതുണ്ടേ

പുത്തനൊരു ഓല വെട്ടി
കോടി നാലും മേഞ്ഞിറങ്ങി
ഇടവഴിയും പെരുവഴിയും
ചെത്തിവാരി ളുത്തിടേണം

വെള്ളമുള്ള കിണറുകളും
ഇറച്ചുകോരിയിടുക വേണം
**ഇഞ്ച**ത്തല ഈറത്തല
**തല്ലി്യാ**ഉക്കി ഇടുക വേണം

മാവേലിയാം വരും വഴിക്കെ-
ട്ടെന്തു നല്ല വറത്തമാനം
മഞ്ഞ നല്ല മുണ്ട് വേണം
മന്തിരക്കോടി വേണം

കാക്കവന്നും കതി**ർ**വിളക്ക്
അടുക്കളയ്ക്കകത്തെരിക
ളുക്കമന്നം ഉട**ർ**വിളക്ക്
അടുക്കളയ്ക്ക പുറത്തെരിക

ഓണമഞ്ചും കഴിവോളം
നിലവിളക്ക നിന്നെരിക
ഓണമ**ഞ്ചും** കഴിവോളം
കതിർ വിളക്ക നിന്നെരിക

മാവേലിയാം വരവതുണ്ടേ
മാനുഴരുടെ വാഴിച്ച കാണാ**ൻ**
മാവേലിയാം വരവതുണ്ടേ
പെരുവഴിയേ വരികയാണേ
മാവേലിയാം വരവതുണ്ടേ



സമ്പാ: ഉത്രജ കെ. 9 B



# കുപ്പിവളകളുടെ കിലുക്കം

വളരെ ലളിതമായ ആഖ്യാനത്തിലൂടെ ഒരു അന്ധബാലികയുടെ സ്വപ്നങ്ങളും സങ്കടങ്ങളും വരച്ചിടുന്ന കഥയാണ് സാറാ തോമസിന്റെ കുപ്പിവളകൾ.ഇതിൽ കാഴ്ചകൾ അന്യമായ കണ്ണമ്മയുടെ ശബ്ദലോകത്തെ സാറാ തോമസ് പരിചയ-
പ്പെടുത്തുന്നു.

അനാഥാലയത്തിന്റെ ഒറ്റപ്പെടലിലും വീർപ്പു മുട്ടലിലും ജീവിത-ത്തിന്റെ പ്രസാദാത്മകത പാടേ നഷ്ട്പ്പെട്ട കണ്ണമ്മയ്ക്ക് ബാഹ്യലോകവുമായി പൊരുത്തപ്പെടാനാവുന്നില്ല.ഒരിക്കൽ അനാഥാലയത്തിൽ എത്തിയ അതിഥി-
യിൽ നിന്നും പുതു വസ്ത്രം സ്വീകരിച്ച് നിസ്സംഗതയോടെ മടങ്ങുമ്പോൾ കൂട്ടുകാർ പറഞ്ഞ് അവരുടെ മകളുടെ കൈയിലെ കുപ്പിവളകളെക്കുറിച്ചറിയുന്നു.പള്ളി-


യിൽ കുർബാന സമയത്ത് കേട്ട പള്ളി മണികലുടെ കിലുക്കം അവളോർ
ക്കുന്നു
കണ്ണമ്മയുടെ വിഷാദപ്പൂർണമായ ചിന്തകൾക്കിടയിൽ അതിഥിയുടെ മകളായ
റോസിമോൾ കുപ്പിവളകൾ സ്നേഹസമ്മാനമായി കണ്ണമ്മയെ അണിയിക്കുന്നു.
കുപ്പിവളകളുടെ കിലുക്കം കണ്ണമ്മയ്ക്ക് ആഹ്ലാദം പകരുന്നു.ആ മന്ത്രനാദം കേൾ-
ക്കുന്ന തിരക്കിൽ 'അവൾ മറ്റെല്ലാം മറന്നു പോയിരുന്നു' എന്നത് കഥ
അവസാനിക്കുന്നു.

കണ്ണിന് കാഴ്ച്ചയില്ലാത്ത പെൺകുട്ടിക്ക് കണ്ണമ്മ എന്ന പേര്
നൽകിയതിലെ വൈരുദ്ധ്യം ശീർഷകം പോലെ കഥയുടെ ആഖ്യാനതന്ത്രത്തി-
ന്റെ ഭാഗമാണ്.മനുഷ്യനെ ജീവക്കാൻ പ്രേരിപ്പിക്കുന്നത് കാഴ്ച്ചകളാണ്.
കണ്ണാണ് മനുഷ്യന് ഏറ്റവും പ്രിയപ്പെട്ട ഇന്ദ്രിയവും.കാഴ്ച്ചയില്ലാത്തവൾ
കണ്ണമ്മ
എന്ന വൈരുദ്ധ്യം കണ്ണമ്മയുടെ നിസ്സഹായത ധ്വനിപ്പിക്കുന്നു.കാഴ്ച്ച യില്ലാത്ത
കണ്ണമ്മയെ പോലെ തന്നെ നിരവധി വെല്ലുവിളികൾനേരിടുന്നവരെ
സഹായിക്കാനും അവരെ പരിഗണിക്കാനും തയ്യാറാകുന്നില്ല.
ഭിന്നശേഷിക്കാരായ ആളുകളെക്കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു
വരാൻ നമ്മുക്കോരോരുത്തർക്കും ബാധ്യതയുണ്ടെന്ന് ഈ കഥ നമ്മെ ഓർമ്മി-
പ്പിക്കുന്നു.കണ്ണിന്റെ നിറഞ്ഞ അന്ധതയിലും ശബ്ദ വീചികളിലൂടെ ബാഹ്യലോ-
കത്തെ തിരിച്ചറിയുന്ന കണ്ണമ്മയാണ് കുപ്പി വളകളെ മിഴിവുറ്റതാക്കുന്നത്.

അനുസുധ ഷാജി
**9b**

# ആരുമില്ലേ...?

ഈ യാമങ്ങളിൽ മയങ്ങാത്ത ഇവ-
ളിതൻ മനസ്സിൻ വേദനയെന്തെന്ന-
റിയുന്നില്ലാരും...
ഏതോ കിനാവിൽ മയങ്ങീടുമിവള്ളു-
ടെ സ്നേഹത്തിൻ മന്ത്രമോതീടാൻ
ആരുമില്ല എന്ന വേർപ്പാടിൽ പൊ-
ലിയുമവൾ തൻ സ്നേഹനൊമ്പരം
കാണുന്നില്ലിവിടാരും...
ഒരിക്കൽ അവളണിയുന്ന മലർമാ-
ല്യമായിരിക്കും അവളുടെ വേദന
അറിയുന്നത്...



മീരാലക്ഷ്മി
**9a**

## മഴയുടെ താളം

മഴയുടെ താളം കേട്ടു
മരങ്ങൾ നൃത്തം വെച്ചു
മഴയുടെ താളം മനസ്സിൽ വീണത്
മഞ്ഞു തുള്ളികൾ പോലെ...



പുഴയും ആറും എല്ലാരും
മഴയുടെ താളം ഏറ്റു
മഴയുടെ താളം കേട്ടു
എൻ മനസ്സുപതിയെ തണുത്തു
മാഞ്ഞു കഴിഞ്ഞപ്പോളെൻ മനസ്സി-
ൽ കേൾക്കാൻ മോഹം തോന്നി...

സാനിയ ഇ.എം
**9A**

# കൃഷിച്ചൊല്ലുകൾ

പഴഞ്ചൊല്ലിൽ  പതിരില്ല.
അകലെ ഉഴുതു പകലെ പോകരുത്.
അടുത്തു നട്ടാൽ അഴക്
അകത്തി നട്ടാൽ വിളവ്.
അകലെ നടണം,അടുത്തു നടണം
ഒത്തു  നടണം ഒരുമിച്ചു നടണം
അന്നു വച്ച വാഴ അന്ന് കുലയ്ക്കില്ല.
അധികം വിളഞ്ഞാൽ
വിത്തിനും കൊള്ളില്ല.
കള പറിച്ചാൽ കളം നിറയും
കായ്ച്ച മരമേ കല്ലേറു കൊള്ളൂ.



സമ്പാ. ഉത്രജ 9 ബി

## താമരപ്പൂക്കളിലെ തിളക്കം



ചന്ദപ്പൊയ്കയിൽ വാടാതെ നിൽക്കുമീ
താമര ചന്ദ്രനെപ്പോൽ തിളങ്ങുന്നു...
ചന്ദ്രബിംബത്തിൽ വാടാതെ നിൽക്കുമീ
താമര ചന്ദ്രകാന്തംപ്പോൽ തിളങ്ങുന്നു...
സൂര്യകാന്തത്തിൽ വിടരുമിവർ രാപ്പകൽ
അഴകേറുവാൻ നക്ഷത്രംപ്പോൽ തിളങ്ങുന്നു...
കളിയാടുന്നവരുടെ മനം കുളിർക്കുവാൻ
തലയുയർത്തി തിളങ്ങുന്നു...
ആയിരം ചന്ദ്രകാന്തംപ്പോൽ തിളങ്ങും
ദൈവത്തിൻ ചെറു പ്രകാശമീ താമര...

സാനിയ ഇ.എം
**9a**

# നിറമണിഞ്ഞ സ്വപ്നങ്ങൾ

ട്രെയിനിലെ ജനാലയിൽ നിന്നും തണുത്ത കാറ്റുവീശി. തണുത്ത ഇളംകാറ്റിൽ അയാൾ താനറിയാതെ ഏതോ ഒരു ലോകത്തേയ്ക്ക കടന്നു. പ്രകൃതി തന്നോടു സംസാരിക്കുന്നതായി അയാൾക്കു തോന്നി. നേരം സന്ധ്യയാകാറായി . സൂര്യൻ അങ്ങകലെ മറയുന്നത് അയാൾ നോക്കിയിരുന്നു. സൂര്യാസ്തമയം കണ്ടുനിൽക്കവേ തന്റെ മനസ്സ് വല്ലാതെ അസ്വസ്ഥമാമാകുകയായി- രുന്നു. ഓർമയിൽ പഴയ ഒരു നാട്ടിൻ പുറം തെളിഞ്ഞു. കിളികൾ അലയിടുന്ന ശബ്ദവും ഇളംകാറ്റ് മൂളുന്ന ധ്വനിയും അയാളുടെ ചിന്തയിൽ ഓടിയെത്തി.

ഒരു കൊച്ചു കുര .അവിടെ താനും തന്റെ അമ്മയും മാത്രം. അച്ഛന്റെ മരണത്താൽ

ഞങ്ങൾ ഒറ്റപ്പെട്ടെങ്കിലും തളരാതെ പിടിച്ചുനിർത്തിയത് അമ്മയാണ്.അമ്മതന്നെ

സ്നേഹത്തോടെ അപ്പു എന്നാണ് വിളിക്കുക. അമ്മയുടെ ആ വിളി ഇന്നും തന്റെ മനസ്സിൽ ഓടി കളിക്കുന്നു. തന്റെ കുട്ടിക്കാലത്തെ ദരിദ്രജീവിതം മനസ്സിൽ മായാത്ത ചിത്രംപോലെ പതിഞ്ഞിരിക്കുന്നു. തന്നെ പഠിപ്പിക്കുവാനായി അമ്മ പല യാതനകളും ദുരിതങ്ങളും സഹിച്ചു. ഒരു നേരത്തെ ആഹാരം തനിക്കായി , അമ്മ കഴിക്കാതെ പോലും മാറ്റിവെച്ചിരുന്നു. ഇത്ര കഷ്ടപ്പാടിനിടയിലും അമ്മ തളർന്നില്ല. ഞാനും ഒപ്പം നിന്നു തളരാതെ പഠിക്കാൻ തീരുമാനിച്ചു. രാവിലെ മുഴുവൻ കൃഷിപണിക്കായും പശുവിനെ കുളിപ്പിക്കുവാനും അങ്ങനെ പലജോലി- കൾക്കും പോയി. രാത്രിയിൽ ഉറക്കമിളച്ചിരുന്നു പഠിച്ചു. അമ്മ പഠനത്തിനായി നല്ല പ്രോത്സാഹനം തന്നു. അങ്ങനെ ഞാൻ വളർന്നു തുടങ്ങി. ഒടുവിൽ പത്താം ക്ലാസ്സെത്തി. കഷ്ടപ്പാടിനിടയിലും കൂടുതൽ പഠിക്കുകയും അതോടൊപ്പം ജോലി ചെയ്യുകയും ചെയ്തു. അങ്ങനെ S.S.L.C പരീക്ഷയുടെ ദിനമെത്തി. അമ്മയുടെ


അനുഗ്രഹം വാങ്ങിച്ച് പരീക്ഷയ്ക്കു പുറപ്പെട്ടു. മനസ്സിൽ അച്ഛന്റേയും അനുഗ്രഹം വാങ്ങി. പരീക്ഷ കഴിഞ്ഞു.  റിസൽട്ടുവരുന്ന ദിവസമെത്തി. ഞാൻ ജയിച്ചോ എന്നറിയാനായി ചായക്കടയിൽ ചെന്ന് പത്രം വാങ്ങിച്ച് ഓടിവീട്ടിലെത്തി. അമ്മ ആകാംഷയിൽ നിൽക്കുകയാണ് .എന്റെ രജിസ്റ്റർ നമ്പർ ജയിച്ചവരുടെ ലിസ്റ്റിൽ ഉണ്ടോയെന്ന് നോക്കി. ഞാൻ ഞെട്ടി എന്റെ പേര് അതിലില്ല. രാപ്പകലില്ലാതെ കഷ്ടപ്പെട്ടതിന് ഒരു ഗുണവും ഉണ്ടായില്ലല്ലോ അമ്മേ എന്നു പറഞ്ഞ് ഞാൻ കരയാൻ തുടങ്ങി. അമ്മ എന്റെ രജിസ്റ്റർ നമ്പർ എടുത്ത് ഒന്നു കൂടി പത്രത്തിൽ നോക്കി. അമ്മ ഞെട്ടി അത്ഭുതത്തോടെ പറഞ്ഞു. മോനേ നീ ഡിസ്റ്റിംഗ്ഷൻ കിട്ടിയവരുടെ പേരുനോക്കിയില്ലേ. നിനക്ക് ഡിസ്റ്റിഗ്ഷനുണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു. എന്റെ കഷ്ടപ്പാടുകളും ദുരിതങ്ങളും എനിക്കു തന്ന വിജയമാണിത് അമ്മ എന്നെ വാരിപ്പുണർ-ന്നു. ഭാവിക്കുറിച്ചുള്ള നിരവധി സ്വപ്നങ്ങൾ നെയ്തുകൂട്ടിയ നാളുകൾ തുടർന്ന് കഷ്ടപ്പാടിനിടയിലും കോളേജു പഠനം തുടർന്നു. ഇന്ന്  ഞാനിന്ന് റെയ്ൽ-വേയിൽ ഉയർന്ന ഉദ്യോഗനാണ് .ഒരു വർഷം കൂടിയാണ് അമ്മയെ കാണാൻ പോകുന്നത് ഇത്തവണ തിർച്ചയായും അമ്മയെ ഒപ്പം കൂട്ടണം ട്രെയിൻ പായുന്ന-തിനേകേക്കാൾ വേഗത്തിൽ മനസ്സ് അമ്മയുടെ അടുത്തെത്താൻ വെമ്പി. അറിയാതെ അയാൾ ഉറക്കത്തിലേക്ക് വഴുതി വീണു.



## മനസ്സിൽ വിരിയുന്ന പുഷ്പം...

വേദനയുടെ ആഴമറിയാൻ ഞാൻ
ചെന്നൊരിക്കൽ വിരഹത്തിൻ
വേദനയാം പ്രണയത്തിൻ അടി-
ത്തട്ടിലേക്ക്...
പ്രണയത്തിൻ പൂ വിരിഞ്ഞെൻ മ-
നസ്സിൽ വൈകാതെ ആ വാടി-
യ പൂ മറ്റൊരാൾക്കു നേരെ നീട്ടിയവൻ...
കേണപേക്ഷിക്കുമെൻ കണ്ണുനീർ

കാണാതെ പകരം കൊടുത്ത-
വളൊരു പുഷ്പം...
ആ പൂവിൻ ഒരിതൾ കൊഴിയവേ എൻ
സ്മരണകൾ അവനിൽ ഉണരുമെന്നോർ-
ത്തിരിപ്പൂ ഞാൻ...
പ്രണയം സത്യമെന്നാൽ ഹൃദയം ഇനി-
യും അവനായ് കാത്തിരിക്കും...
എൻ കാത്തിരിപ്പവനറിയവേ ഏഴു
ജന്മവും കൊഴിയാതെ നിൽക്കുമൊരു
പുഷ്പം മനസ്സിൽ വിരിയും...



സാനിയ ഇ.എം

**9a**

## മഴകാത്ത്

നീരസമെന്തെന്ന ചൊന്നിയനേരമാ-

നീലവാനം മൂകമായൊന്ന നിന്നുവോ?

പൊന്മണിമിന്നിത്തിളങ്ങിത്തുടുത്തുവോ

ഇനന്റെ രോഷാഗ്നി കോരിച്ചൊരിയവേ

മൽമലർവാടിയൊക്കെയും നീറിത്തളർന്നല്ലോ

ഭീമിതൻ നീര്ച്ചോല വറ്റിവരണ്ടല്ലോ

ദുർബലമാകുന്നയൊച്ച

വിടവാങ്ങി,മറയുന്ന മധുരസ്വരവും ചരമഭയമില്ല,

നീർത്തുള്ളിയുമില്ല,ദാഹിച്ച ജീവൻ

പൊലിഞ്ഞു പോമേ....

കാറ്റുംകോളും ആഞ്ഞടിച്ചിട്ടുന്ന

മഴത്തുള്ളി മണ്ണിലേക്കിറ്റിറ്റു വീഴുന്നു

കൊക്കുകൾ നനയുന്നു,ശിരസ്സുകളിരുന്നു

വിശിഷ്യജലപാതവും കഴിഞ്ഞന്നേരം

ആ കിളിക്കുഞ്ഞുയർന്നു പറക്കുന്നു

മഴയെന്നു സുന്ദരി,രക്ഷക,പ്രിയതമ

പുനർജന്മദീപ്തിയാൽ നിറയുന്ന ഭൂതലം

ദേവിക സുരേഷ്,9C

ലേഖനം

# സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം

മനുഷ്യന്റെ ഉൽപ്പത്തി കാടുകളിലായിരുന്നല്ലോ പ്രബലമായ വിശ്വാസം.ഇരുകാലികളായി മൃഗതുല്യം നടന്നിരുന്ന മനുഷ്യനെ മൃഗങ്ങളിൽ നിന്നും വ്യത്യസ്തനാക്കിയത് വിശേഷബുദ്ധിയും ചിന്താശേഷിയും സർഗാത്മകതയുമൊക്കെയാണ്.ഇവയുടെ സഹായത്തോടെ രൂപപ്പെട്ട സാഹിത്യാദികൾക്ക് മനുഷ്യ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്.ഭാഷ കൈകാര്യം ചെയ്യാൻ കഴിഞ്ഞത് മനുഷ്യ പുരോഗതിയുടെ അടിസ്ഥാനമായി മാറി.

## എന്താണ് സാഹിത്യം

അനുഭവതീഷ്ണമായ ജീവിതത്തിന്റെ വൈചാരികവും,വൈകാരികവും,സൗന്ദര്യാത്മകവും,ഭാവാത്മകവുമായ ആവിഷ്കാരമാണ് സാഹിത്യം.മനുഷ്യന്റെ വ്യത്യസ്തമായ ആവിഷ്കാര ഉപാധികളിൽ ഒന്നാണ് സാഹിത്യം. ഭാരതീയ സാഹിത്യ സിദ്ധാന്തപ്രകാരം സത്യ സൗന്ദര്യങ്ങളുടെ ആവിഷ്കാരമാണിത്.ഓരോ കവിയും സാഹിത്യകാരനും വൈയക്തികമായ അനുഭൂതി വിശേഷങ്ങളെ ശബ്ദാർഥങ്ങളാകുന്ന ഉപകരണ വിശേഷത്താൽ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നു.
ചലനാത്മകവും പുരോഗമനോന്മുഖവുമായ ജീവിതത്തിന്റെ പ്രതിഫലനം സാഹിത്യത്തിൽ കാണാൻ കഴിയും.ഭാഷയുടെ വാമൊഴി വരമൊഴി രൂപങ്ങളിലൂടെ സാഹിത്യം അനുവാചകരിൽ എത്തിച്ചേരുന്നു.

"അരണി കടഞ്ഞ് അഗ്നിയുണ്ടാക്കുന്നതുപോലെ മനുഷ്യാവസ്ഥായും
കവിഭാവനയും തമ്മിലുരസിയുണ്ടാകുന്നതാണ് ഓരോ മഹിതമായ കാവ്യവും" എന്ന ഒ.എൻ വിയുടെ വാക്യം ഓരോ കാലഘട്ടത്തെയും കാട്ടാളത്തത്തോട് അരുതെ എന്ന് ഉറക്കെ പറയാനുള്ള ധർമ്മം സാഹിത്യക്കാരനുണ്ടെന്ന ഓർമിപ്പിക്കുന്നു.ലോകമെമ്പാടുമുള്ള നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തിപകരാൻ സാഹിത്യത്തിനു കഴിഞ്ഞിട്ടുണ്ട്.

ലോകാനുഗ്രഹ പരയായെഴും കലേ എന്ന് ആശാൻ പാടിയത് കല ലോകത്തിന്റെ അനുഗ്രഹത്തിനായി വർത്തിക്കണം എന്ന ദർശനത്തിലൂന്നയാണ്.

**ലിപി സമ്പ്രദായവും അച്ചടിയും**

ചിത്രലിപിയിൽ ആരംഭിച്ച ലിപി സമ്പ്രദായം കാലക്രമത്തിൽ പല പരിപ്രവർത്തനങ്ങൾക്കും വിധേയമായി.മലയാളത്തിലെ വട്ടെഴുത്ത്,കോലെഴുത്ത് എന്നിവ ആദ്യകാല ലിപികളാണ്.വിവര സാങ്കേതിക വിദ്യ ആധുനിക അച്ചടിയുടെ പിതവായ ജോൺ ഗുട്ടൺ ബർഗിന്റെ മുദ്രണയന്ത്രത്തിൽ നിന്നും ആരംഭിക്കുന്നു.സാഹിത്യ രചനകളെ സുഗമമായി
അടയാളപ്പെടുത്താൻ കഴിഞ്ഞത് മനുഷ്യ പുരോഗതിയുടെ ചരിത്രത്തിലെ നാഴികക്കലായിരുന്നു.ആധുനിക അച്ചടിയുടെ പ്രതിഷ്ഠാപകൻ സി.എം.എസ് മിഷനറിയായിരുന്ന ബഞ്ചമിൻ ബയ് ലിയാണ്.ജർമ്മൻ മിഷനറിയായിരുന്ന ഗുണ്ടർട്ടിന്റെ പേരും മലയാള അച്ചടിയുടെ ചരിത്രത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാണ്.

**പത്രമാസികകൾ,റേഡിയോ,റ്റീ.വി**

അച്ചടിയുടെ പ്രചാരം പത്രമാസികകളുടെ വ്യപനത്തെ സഹായിച്ചു.മലയാള പത്ര പ്രവർത്തനത്തിന്റെ ചരിത്രം തന്നെ മലയാള സാഹിത്യവുമായി അങ്ങേയറ്റം ബന്ധപ്പെട്ട-
താണ്.സാഹിത്യത്തിന്റെ സമഗ്ര വളർച്ചയിൽ ആദ്യകാല പത്രമാസികകൾ ശ്രദ്ധേയമായ പങ്കാണ് വഹിച്ചിട്ടുള്ളത്.റേഡിയോ,റ്റീ.വി,സിനിമ തുടങ്ങിയ മാധ്യമങ്ങളും മലയാള ഭാഷയെ സമ്പന്നമാക്കിയിട്ടുണ്ട്.

**നവമാധ്യമങ്ങൾ**

കമ്പ്യൂട്ടർ എന്ന മാധ്യമത്തെ പ്രയോനപ്പെടുത്തിക്കൊണ്ടുള്ള വിനിമയം സാധ്യമാക്കുന്ന മാധ്യമത്തെയാണ് നവമാധ്യമം എന്നുവിളിക്കുന്നത്.വെബ്സൈറ്റു-കൾ ,ബ്ലോഗുകൾ,സോഷ്യൽ നെറ്റുവർക്കുകൾ,ഓൺലൈൻ സമൂഹങ്ങൾ,ഓൺലൈൻ വിജ്ഞാനകോശങ്ങൾ,e ബുക്കുകൾ,e പത്രങ്ങൾ e മാസികകൾ,ഓൺലൈൻ ലൈബ്രറികൾ തുടങ്ങി അതിവിശാലമായതും വൈവിധ്യം നിറഞ്ഞതുമായ വ്യവഹാര ശൃംഖലയുടെ

പൊതുവായ ഇടത്തെയാണ് നവമാധ്യമങ്ങൾ എന്ന പറയുന്നത്.ഇന്റെർനെറ്റിന്റെ
കടന്നുവരവ്
മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തിൽ വിപ്ലവകരമായ മാറ്റത്തിന്ന
വഴിതെളിയിച്ചു.ഇന്റർനെറ്റിന്റെ സഹായത്തോടെ സൈബർ സാഹിത്യം പുതിയ ഭാവുകത്വ-
ത്തെ രൂപപ്പെടുക്കത്തക്ക വളർച്ച പ്രാപിച്ചു കഴിഞ്ഞു.

## ബ്ലോഗ്

വെബ് ലോഗ് എന്നതിന്റെ ചുരുക്കപ്പേരാണ് ബ്ലോഗ്.അവനവൻ തന്നെ
പ്രസാധകനാകുന്ന എന്നതാണ് ബ്ലോഗെഴുത്തിന്റെ ഏറ്റവും വലിയ സവിശേഷത.ഉടനടി
പ്രതികരണം ലഭിക്കുന്ന എന്നത് ബ്ലോഗ് നൽകുന്ന ഒരു സൗകര്യമാണ്.സാധാരണ സാഹി-
ത്യത്തിൽ വായനക്കാരും എഴുത്തുകാരനുമിടയിൽ എഡിറ്ററും പ്രസാധകരുമുണ്ട്.അവരുടെ
ഇഷ്ടാനിഷ്ടങ്ങളും,താല്പര്യങ്ങളും സൗന്ദര്യബോധവും ഇവർക്കിടയിൽ പ്രവർത്തിക്കുന്നു.
എന്നാൽ ആരുടെയും ഇടപെടലുകളില്ലാതെ രചനകൾ വായനക്കാരിൽ എത്തുന്ന എന്നത്
ബ്ലോഗിലുള്ള ഒരു ഗുണമാണ്.

കൊടകരപുരാണം,ചിറകുള്ള ബസ് തുടങ്ങി ഇരുപത്തിയഞ്ചിൽ പരം
ബ്ലോഗ് ബുക്കുകൾ അച്ചടിയിൽ വന്നു കഴിഞ്ഞു.ബ്ലോഗുകളെ വിലയിരുത്തുന്നതിനും സാങ്കേ-
തിക സഹായം നൽകുന്നതിനും താല്പര്യമെടുക്കുന്ന ബ്ലോഗർമാരും ഈ രംഗത്തുണ്ട്.ബ്ലോഗ്
സഹായി,ബ്ലോഗ് ലോകം എന്നിവ ഉദാഹരണങ്ങളാണ്.ബ്ലോഗുകളെ തിരഞ്ഞുപിടിക്കാൻ
സഹായിക്കുന്ന ചിന്ത ബ്ലോഗ് അഗ്രിഗേറ്റർ ഗൂഗിൾ മലയാളം ബ്ലോഗ് അഗ്രിഗേറ്റർ തുടങ്ങിയ
ബ്ലോഗ് അഗ്രിഗേറ്ററുകളും സജീവമാണ്.സജീവ് എടത്തൻ 'വിശാലമനസ്കൻ' എന്ന തൂലിക
നാമത്തിൽ എഴുതിയ 'കൊടകപുരാണം' എന്ന ബ്ലോഗാണ് മലയാണത്തിലെ ആദ്യത്തെ
കാൽവെപ്പ്.സമാന്തര മാധ്യമം എന്ന് നിലയിൽ സൈബർ ലോകത്ത് മലയാളം ബ്ലോഗുകൾ
നിലകൊള്ളുന്നു.കാവ്യം സുഗേയം,ഓലപ്പീപ്പി,തുഞ്ചാണി തുടങ്ങി ആയിരക്കണക്കിന്ന
ബ്ലോഗു-
കൾ മലയാളത്തിലുണ്ട്.യൂണിക്കോഡ് കൺസോർഷ്യത്തിൽ എഴുതാൻ കഴിയുന്ന സൈബർ
ലോകം യാഥാർഥ്യമാക്കാൻ കഴിഞ്ഞു.ഇത് ഭാഷയ്ക്ക് അഭിമാനാർഹമായ
നേട്ടമാണ്.ഡി.റ്റി.പി

യുടെ കടന്നു വരവും എഴുത്തിന് കൂടുതൽ സഹായകമായി.

## സാമൂഹ്യ സമ്പർക്ക സൈറ്റുകൾ

ഇന്റെർനെറ്റിലെ സ്വതന്ത്രമായ ആശയവിനിമയ ഇടമായി സോഷ്യൽ നെറ്റ് വർക്കുകൾ വികാസം പ്രാപിച്ചിരിക്കുന്നു.ഫേസ് ബുക്ക്, ട്വിറ്റർ, ഓർക്കുട്ട്, പിന്ററസ്റ്റ്,
ഡീവിയന്റ് ആർട്ട്.ഗൂഗിൾ പ്ലസ്,മൈ ലൈഫ്,മാച്ച് കോം തുടങ്ങിയവയാണ് പ്രധാന നെറ്റ് വർക്കിംഗ് സൈറ്റുകൾ.2004 ഫെബ്രുവരി 4 ന് ആരംഭം കുറിച്ച ഫെയ്സ് ബുക്ക് അതിശയക-
രമായ രീതിയിൽ ലോകമെമ്പാടും പടർന്നു പന്തലിച്ചുകഴിഞ്ഞിരിക്കുന്നു.മുഖ്യധാരാമാധ്യമങ്ങ-ൾ നമസ്കരിച്ചേക്കാവുന്ന രചനകളും സാമൂഹ്യ മാധ്യമങ്ങളിലൂടെ വെളിച്ചം കാണുന്നുണ്ട്.

മലയാളത്തിൽ ഫേയ്സ് ബുക്ക്,ബോഗ് തുടങ്ങിയ പലതും പുസ്തകങ്ങളായി അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.മോഹൻ ലാലിന്റെ 'ഹൃദയത്തിൽ കൈയൊപ്പ് ' സുഭാഷ് ചന്ദ്രന്റെ 'കുട്ടക്ഷരം' എന്നിവ ഇത്തരത്തിൽ ശ്രദ്ധേയമായ ചില രചനകളാണ്.

ഓൺലൈൻ വിജ്ഞാന കോശമായ മലയാളം വിക്കിപീഡിയ 2002 ൽ നിലവിൽ വന്നു.സൈബർ ലോകത്തെ മലയാളത്തെ സമ്പന്നമാക്കുന്ന വലിയൊരു സംരഭമാ-ണിത്.മറ്റ് വിജ്ഞാന കോശങ്ങളിൽ കാണാത്ത അപൂർവ ലേഖനങ്ങളാൽ സമ്പന്നമാണ് മലയാളത്തിലെ വിക്കിപീഡിയ. പകർപ്പവാകാശം കഴിഞ്ഞ പുസ്തകങ്ങളുടെ ശേഖരമായി വിക്കിപീഡിയ വളർന്നുകൊണ്ടിരിക്കുന്നു.മലയാളം വെബ് സൈറ്റുകൾ,പോർട്ടലുകൾ,പത്രങ്ങ-ളുടെയും ചാനലുകളുടെയും ഓൺ ലൈൻ എഡിഷനുകൾ,വീഡിയോ ഷെയറിംഗ് സൈറ്റായ യൂ ട്യൂബ്,പ്രാദേശിക നെറ്റ് വർക്കിംഗ് സൈറ്റുകൾ എന്നിവയാൽ സമ്പന്നമാണ് സൈബർ മലയാളം.ദീപികയാണ് ഇന്റെർ നെറ്റിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാള പത്രം.മലയാളത്തിലെ
ആദ്യ വെബ് മാസികയായ പുഴ .കോം എന്നിവയും ഈ മേഖലയിൽ എടുത്തു പറയേണ്ട സംരഭങ്ങളാണ്.വിളിക്കാനുള്ള ഉപകരണം എന്ന നിലയിൽ നിന്ന് ടെലിഫോണിനുണ്ടായ പരിവർത്തനം അത്ഭുതാവഹമാണ്.ഇന്റർ നെറ്റിന്റെ മൊബൈൽ ലഭ്യത സൈബറിടങ്ങളി-ലെ ഇടപെടലുകൾ വളരെ അനായാസമായി തീർത്തിരിക്കുന്നു.മൊബൈൽ വഴിയുള്ള വിവര

കൈമാറ്റ വേഗത 4G യിൽ നിന്നും 5G യിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു.മൊബൈൽ ബ്രോഡ് ബാന്റിന്റെ സാർവത്രികമായ ലഭ്യതയും അതിന്റെ വിവര വേഗതയിൽ ഉണ്ടാകുന്ന മെച്ചപ്പെട്ട മാറ്റമായിരിക്കും.

## e-വായന,e-ബുക്കുകൾ

കിൻഡിൽ,കോം ബോ പോലെയുള്ള ഇ-ബുക്ക് റീഡർ വഴി പുസ്തക വായന

ഇലക്ട്രോണിക് വായനയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.ഇ-ഇൻക് ടെക്നോളജിയിൽ പ്രവർത്തിക്കുന്ന സ്ക്രീൻ കടലാലിനു തുല്യമായ വായനാനുഭവമാണ് നൽകുന്നത്.മാതൃഭൂമി തുടങ്ങിയ വാരികകൾ ഇ-വാരികകളായി തീർന്നിട്ടുണ്ട്.ജ്വാല,കേരള നാദം,വസന്തം തുടങ്ങി പല ഇ-മാഗസീനുകളും ഇന്ന് ലഭ്യമാണ്.കേരള ഭാഷ ഇൻസ്റ്റിറ്റ്യൂടിന്റെ നേതൃത്വത്തിൽ പരിഭാഷക്കായുള്ള സോഫ്റ്റ്വെയറുകൾ തയ്യാറായിട്ടുണ്ട്.

## പ്രമേയ സ്വീകരണത്തിലെ പുതുമ

മാറുന്ന കാലത്തിനും സമൂഹത്തിന്റെ സ്പന്ദനങ്ങൾക്കും അനുസൃതമായി പ്രമേയ സ്വീകരണത്തിലും പുതുമ വരുന്നത് സ്വാഭാവികം.സന്തോഷ് എച്ചിക്കാനത്തിന്റെ വാർത്ത ശരീരം കൊമാല എന്നിവയും അംബികാസുധൻ മാങ്ങാടിന്റെ മോക്ഷം,സി.എസ് ചന്ദ്രികയുടെ സ്വീകരണ മുറി,എൻ.എസ് മാധവന്റെ തിരുത്ത് എന്നീ ചെറു കഥകളും മാധ്യമം പ്രമേയമായി വരുന്നവയാണ്.ശിഹാബുദ്ദീൻ പൊയ്ത്തും കടവിന്റെ 'ഒരു പാട്ടിലേക്കുള്ള ദൂരം' എന്ന കഥ മൊബൈൽ ഫോൺ നിത്യ ജീവിതത്തിന്റെ ഭാഗമായി മാറുന്ന അവസ്ഥയും നിലച്ചുപോയ മൊബൈൽ സൃഷ്ടിക്കുന്ന പ്രതിസന്ധിയും പ്രമേയമാക്കുന്നു. എം.മുകുന്ദന്റെ "നൃത്ത"മാണ് മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ.വിവര സാങ്കേതിക വിദ്യാകാലത്തെ ജീവിത സങ്കീർണങ്ങളാണ് സേതുവിന്റെ 'അടയാളങ്ങൾ' എന്ന നോവൽ ടെക്കി,സൈബർ,ബ്ലോഗ് പോലെയു-

ള്ള അനേകം പുതിയ പദങ്ങളും സാങ്കേതിക വിദ്യാകാലത്ത് ഭാഷയിൽ കടന്നു വന്നിട്ടുണ്ട്. മലയാളിയുടെ സാംസ്കാരിക പരിസരത്തെ അടിമുടി മാറ്റുകയും വ്യക്തികളെ തന്നിലേക്കു തന്നെ

ചുരുങ്ങിക്കൂടാൻ കാരണമാവുകയും ചെയ്യുന്ന സംവിധാനമായി ഇന്റെർനെറ്റും അതുവഴി ലഭ്യമാകുന്ന നവമാധ്യമങ്ങളും മാറിക്കൊണ്ടിരിക്കുന്നുയെന്നത് ഒരുയാഥാർഥ്യമാണ്.വായന മരിക്കുന്നു

എന്നതും ഇക്കാലത്ത് ഉയർന്നു കേൾക്കുന്ന ഒരു പരാതിയാണ്.മാധ്യമങ്ങളുടെ അനുഗ്രഹ ശേ-ഷിയെ പ്രയോജനപ്പെടുത്താതെ ദുരുപയോഗം ചെയ്യുന്നതു മാത്രമാണ് ഇതിനു കാരണം.എഴു-ത്തിനെയും വായനയെയും പരിപ്പോഷിപ്പിക്കാനും വ്യപിക്കാനും ഉതകുന്ന അതിബൃഹത്തായ അവസരങ്ങളാണ് സാങ്കേതിക വിദ്യ നമ്മുക്ക് തുറന്നു തന്നിരിക്കുന്നത്.ഇതിന്റെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുവാനും സാഹിത്യത്തെ ജീവിതത്തിനു വേണ്ടി ഉൾ ക്കൊള്ളാ-
നും സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റത്തിനുള്ള ഉപകരണമാക്കി മാറ്റാൻ നമുക്ക് കഴിയണം അതുവഴി മലയാള ഭാഷയും സാഹിത്യവും അഭിവൃദ്ധിയിലേക്ക് ഉയരുക തന്നെ ചെയ്യും.


അവലംബം

1.കേരള സാഹിത്യ ചരിത്രം കാലഘട്ടങ്ങളിലൂടെ -പ്രൊഫ.എരുമേലി പരമേശ്വരൻ പിള്ള


2.മാധ്യമങ്ങളും മലയാള സാഹിത്യവും
{കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്}

3.സൈബറിൽ വളരുന്ന മലയാളം-ലേഖനം
**{വിദ്യാരംഗം നവംബർ 2013}**

കവിത

## മിഴിതുറന്നപ്പോൾ

ആദ്യമായ് ഞാൻ മിഴിതുറന്നപ്പോൾ
എൻ മുന്നിൽ വന്നതെൻ അമ്മ
പിച്ചവെച്ചു നടന്നപ്പോൾ എനിക്കു
താങ്ങായതെൻ അമ്മ
ആദ്യക്ഷരങ്ങൾ കുറിച്ചപ്പോൾ എൻ
കൈ മുറുകെ പിടിച്ചതെൻ അമ്മ
മനസ്സൊന്നു പതറിയപ്പോൾ
മനസുറപ്പിച്ചതെൻ അമ്മ
ഒടുവിൽ ഞാൻ പറന്നുയർന്നപ്പോൾ
നിറഞ്ഞത് നിൻ മാനസം തായെ...
ഒടുവിൽ അമ്മ മറഞ്ഞപ്പോൾ
മറഞ്ഞതെൻ മാനസം തായേ...



സാനിയ ഇ.എം
**9a**

## വൈക്കത്തഷ്ടമി

അഷ്ടമി നാളിൽ അമ്പലനടയിൽ
നിന്നെ ഞാൻ കണ്ടു
അന്നു നീയൊരു
കുഞ്ഞാവയായിരുന്നു.

ചാന്തുവേണം വളവേണം
കമ്മൽ വേണം
എന്നു നീ വാശി പിടിച്ചില്ലേ
എന്നു നീ വാശി പിടിച്ചില്ലേ

കളിപ്പാട്ടം വാങ്ങി
മൈലാഞ്ചിയിട്ടു
എന്നിട്ടെന്തേ നിന്റെ കൊതി തീർന്നില്ലേ
എന്നിട്ടെന്തേ നിന്റെ കൊതി തീർന്നില്ലേ.

ജീഷ്ന ആന്റണി
V C.

കഥ

# ഒറ്റയടിപ്പാതയിലൂടെ നടന്നുനീങ്ങുന്നയാൾ

വിജനമായ നടപ്പാതയിലൂടെ  നടന്നുനിങ്ങുകയാണ് ഗോപി ഒറ്റയ്ക്ക് പാതയിലൂടെ നടന്നുനീങ്ങുകയായിരുന്നു. പെട്ടന്ന് തന്റെ എല്ലാം ചിന്തകളിൽ നിന്നും ഉണർത്തി-ക്കൊണ്ട്ഒരാൾ  തന്റെ സമീപത്തേക്ക് അയാൾ നടന്നുവരികയാണ് ഒരനാഥനാണെന്ന്  ഒറ്റ നോട്ടത്തിൽ തന്നെ തോന്നും ഇയാളെ കണ്ടപ്പോൾ വളരെയധികം ദു:ഖം തോന്നി ഗോപിചേട്ടൻ അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് നടന്നു അദേഹത്തോട് ചോദിച്ച എന്താ പേര് അദേഹം പറഞ്ഞു ശങ്കരൻ കൂടുതൽ സംസാരിച്ചപ്പോൾ ഗോപിച്ചേട്ടനു മനസ്സിലായി എല്ലാവരും ഉണ്ടായിട്ടും ആരോരുമില്ലാതെ ജീവിക്കേണ്ടിവന്ന ആളാണിതെന്ന്. ശങ്കരൻ ചേട്ടന്റ രൂപം വളരെ ദയനീയമായിരുന്നു.അദേഹത്തിന്റെ ജീവിതം വളരെ വ്യത്യസ്തമാണ് അദേഹത്തിനു മക്കളുണ്ട് വീടുണ്ട് എല്ലാംമുണ്ട് പക്ഷേ ഭാര്യമരിച്ചുപോയി . ഭാര്യ മരിച്ചതിൽ പിന്നെ മക്കൾ ക്ക് അച്ഛൻ ശല്യമായിമാറി. അതുക്കൊണ്ട് അച്ഛനെ വൃദ്ധസദനത്തിൽ ആക്കി അവസാനം അദേഹം അവിടെ നിന്നു ഇറങ്ങിപ്പോയി. ഇപ്പോൾ അദേഹമൊരു തെരുവിലാണ് ജീവിക്കുന്നത്  സ്നേഹിക്കാൻ ആരോരുമില്ലാത്തരണ്ടുപേർ . ഇരുവരും ഒരേ കടത്തിണ്ണയിൽ ആ രാത്രി കഴിഞ്ഞു.ആഴ്ച്ചകളും മാസങ്ങളും കടന്നുപോയി  പിറ്റേന്ന് രാവിലെ ഗോപിചേട്ടൻ എഴുന്നേറ്റപ്പോൾ ശങ്കരൻചേട്ടനെകാണാനില്ല ശങ്കരൻ

ചേട്ടാ എന്ന് വിളിച്ച് ഗോപി ഓടി നടക്കുന്നു പെട്ടന്ന് എല്ലാവരും ട്രെയിൻ പാളത്തിലേക്ക് ഓടുന്നു ആ ഓടുന്നഒരാളെ പിടിച്ചിട്ട് ഗോപിച്ചേട്ടൻ ചോദിച്ചു അവിടെ എന്താ അപ്പോൾഅയാൾ പറഞ്ഞു ഇന്നലെ ആരോ തീവണ്ടിക്കു തലവെച്ചു കണ്ണുകൾവിങ്ങി ഹൃദയമിടറിക്കൊണ്ടു ഗോപിചേട്ടൻ അങ്ങോട്ടേയ്ക്ക് ഓടിച്ചെന്ന് ആരാണെന്നുപോലുമറിയാൻ സാധിക്കാതെ ഗോപിചേട്ടൻ തിരിച്ചു നടന്നു കുട്ടാകുമെന്ന് കരുതിയ ശങ്കരനും പോയി.തന്റെ പ്രിയസുഹൃത്തിന്റെ മരണം അയാൾക്ക് വല്ലാത്ത ആഘാതമായി. .അയാളുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിച്ചു ആ തെരുവിലൂടെ ലക്ഷ്യമില്ലാതെ അയാൾ നടന്നു.

.



കഥ

# കൂട് നഷ്ടപ്പെട്ട കിളി



ഒരിടത്ത് ഒരു കർഷകനായിരുന്ന നല്ലൊരു വ്യക്തി ജീവിച്ചിരുന്നു. അയാളും ഭാര്യയും രണ്ടു മക്കളും അടങ്ങുന്നതാണ് ആ കുടുംബം. കൃഷിയിൽ നിന്ന് ലഭിക്കുന്നവരുമാനമായിരുന്നു അവർ ജീവിത ചിലവുകൾക്കായി ഉപയോഗിച്ചിരുന്നത്. അയാളുടെ മക്കളിൽ മൂത്തയാൾ ആറാം ക്ലാസ്സിലും ഇളയ ആൾ നാലാം ക്ലാസ്സിലുമാണ് പഠിക്കുന്നത്. ഈ കർഷകന്റെ വലിയ ആഗ്രഹം അവർക്ക് ഒരുനല്ല വീട് വെക്കണം എന്നതാണ് അങ്ങനെ അയാൾ കൃഷിയിൽനിന്ന് വീടുവെക്കാനായി ലോൺ എടുത്തു. വീടിൻെറ പണിയൊക്കെ നന്നായി നടന്നു. മൂന്നുനാലുമാസങ്ങൾ കഴിഞ്ഞ് അവരുടെ സ്വപ്നമായ വീടിൻെറ പണി പൂർത്തിയായി. അങ്ങനെ അവർ സന്തോഷത്തോടെ ആ വീട്ടിൽ താമസിക്കുന്നു.തന്റെ വരുമാനം വെച്ച് അയാൾ കൃത്യമായി ബാങ്കിൽ പണമടച്ചു പോന്നു.

എന്നാൽ ആ കൊല്ലത്തെ പ്രളയം ജീവിതമാകെ മാറ്റി മറിച്ചു. അയാളുടെ കൃഷിയാകെ നശിച്ചു ,അയാൾ രണ്ടുമൂന്നു മാസത്തേക്ക് പണമടയ്ക്കാൻ സാധിച്ചില്ല. ബാങ്കിൽ നിന്നു നോട്ടീസ് വന്നു അയാൾ മറ്റുപലജോലികൾ അന്വേഷിച്ചെങ്കിലും അയാൾക്ക് ഒന്നും കണ്ടെത്താൻ സാധിച്ചില്ല. മക്കൾക്ക് സ്കൂളിൽ ഫീസടയ്ക്കാൻ പണമില്ലാതായി. തന്റെ കൃഷി മെച്ചപ്പെടുത്തിയെടുക്കാൻ അയാൾ പരമാവധി ശ്രമിച്ചു.അയാളുടെ ആ ശ്രമവും പാഴായിപ്പോയി. മാസങ്ങൾ-ക്കുശേഷം അവരുടെ വീട് ബാങ്ക് ജപ്തിചെയ്തു.അവരെ ആ വീട്ടിൽ നിന്ന് ബലമായി
ഇറക്കിവിട്ടു. വീട്ടുപകരണങ്ങളെല്ലാം പുറത്തെക്കിട്ടു ഇത് കണ്ടുകൊണ്ടാണ് മക്കൾ സ്കൂളിൽ നിന്നുവരുന്നത് അവർ ഈ കാഴ്ചകണ്ടു സ്തംഭിച്ചു നിന്നുപോയി.അങ്ങനെ

ആ കുടുംബം തെരുവിലേക്ക് ഇറങ്ങി. എങ്ങോട്ടെന്നില്ലാതെ അവർ നടന്നു. കൂട്ട നഷ്ടപ്പെട്ട കിളികൾ. -     ...

വിശ്വജ്യോതിക.പി.ബി   . 9.C




കവിത

# അഷ്ടമി നാളിൽ

അഷ്ടമി നാളിൽ അമ്പലനടയിൽ
നിന്നെ ഞാൻ കണ്ടു
അന്നു നീയൊരു
കുഞ്ഞാവയായിരുന്നു.

ചാന്തുവേണം വളവേണം
കമ്മൽ വേണം
എന്നു നീ വാശി പിടിച്ചില്ലേ
എന്നു നീ വാശി പിടിച്ചില്ലേ

കളിപ്പാട്ടം വാങ്ങി
മൈലാഞ്ചിയിട്ടു
എന്നിട്ടെന്തേ നിന്റെ കൊതി തീർന്നില്ലേ



ജീഷ്ന ആന്റണി V C.

കഥ

# ഒറ്റയടി പാതയിലൂടെ

## നടന്നുനീങ്ങുന്നയാൾ

വിജനമായ നടപ്പാതയിലൂടെ നടന്നുനിങ്ങുകയാണ് ഗോപി ഒറ്റയ്ക്ക് പാതയിലൂടെ നടന്നുനീങ്ങുകയായിരുന്നു. പെട്ടന്ന് തന്റെ എല്ലാം ചിന്തകളിൽ നിന്നും ഉണർത്തി-ക്കൊണ്ട്ഒരാൾ തന്റെ സമീപത്തേക്ക് അയാൾ നടന്നുവരികയാണ് ഒരനാഥനാണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ തോന്നും ഇയാളെ കണ്ടപ്പോൾ വളരെയധികം ദു:ഖം തോന്നി ഗോപിചേട്ടൻ അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് നടന്നു അദേഹത്തോട് ചോദിച്ചു എന്താ പേര് അദേഹം പറഞ്ഞു ശങ്കരൻ കൂടുതൽ സംസാരിച്ചപ്പോൾ ഗോപിച്ചേട്ടനു മനസ്സിലായി എല്ലാവരും ഉണ്ടായിട്ടും ആരോരുമില്ലാതെ ജീവിക്കേണ്ടിവന്ന ആളാണിതെന്ന്. ശങ്കരൻ ചേട്ടന്റ രൂപം വളരെ ദയനീയമായിരുന്നു.അദേഹത്തിന്റെ ജീവിതം വളരെ വ്യത്യസ്തമാണ് അദേഹത്തിനു മക്കളുണ്ട് വീടുണ്ട് എല്ലാംമുണ്ട് പക്ഷേ ഭാര്യമരിച്ചുപോയി . ഭാര്യ മരിച്ചതിൽ പിന്നെ മക്കൾക്ക് അച്ഛൻ ശല്യമായിമാറി. അതുക്കൊണ്ട് അച്ഛനെ വൃദ്ധസദനത്തിൽ ആക്കി അവസാനം അദേഹം അവിടെ നിന്നു ഇറങ്ങിപ്പോയി. ഇപ്പോൾ അദേഹമൊരു തെരുവിലാണ് ജീവിക്കുന്നത് സ്നേഹിക്കാൻ ആരോരുമില്ലാത്തരണ്ടുപേർ . ഇരുവരും ഒരേ കടത്തിണ്ണയിൽ ആ രാത്രി

കഴിഞ്ഞു.ആഴ്ച്ചകളും മാസങ്ങളും കടന്നുപോയി  പിറ്റേന്ന് രാവിലെ ഗോപിചേട്ടൻ എഴുന്നേറ്റപ്പോൾ ശങ്കരൻചേട്ടനെകാണാനില്ല ശങ്കരൻ ചേട്ടാ എന്ന് വിളിച്ച് ഗോപി ഓടി നടക്കുന്നു പെട്ടന്ന് എല്ലാവരും ട്രെയിൻ പാളത്തിലേക്ക് ഓടുന്നു ആ ഓടുന്നഒരാളെ പിടിച്ചിട്ട് ഗോപിച്ചേട്ടൻ ചോദിച്ചു അവിടെ എന്താ അപ്പോൾഅയാൾ പറഞ്ഞു ഇന്നലെ ആരോ തീവണ്ടിക്കു തലവെച്ചു കണ്ണുകൾവിങ്ങി ഹൃദയമിടറിക്കൊണ്ടു ഗോപിചേട്ടൻ അങ്ങോട്ടേയ്ക്ക് ഓടിച്ചെന്ന്

ആരാണെന്നുപോലുമറിയാൻ സാധിക്കാതെ ഗോപിചേട്ടൻ തിരിച്ചു നടന്നു കൂട്ടാകുമെന്ന് കരുതിയ ശങ്കരനും പോയി.തന്റെ പ്രിയസുഹൃത്തിന്റെ മരണം അയാൾക്ക്  വല്ലാത്ത ആഘാതമായി. .അയാളുടെ  കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിച്ചു ആ  തെരുവിലൂടെ ലക്ഷ്യമില്ലാതെ അയാൾ നടന്നു.

..........

കവിത

## സ്വർണ്ണത്തെക്കാൾ മൂല്യമുള്ളവർ

വൃദ്ധരല്ലവർ സ്വർണ്ണത്തേക്കാൾ
മൂല്യമുള്ളവരാണവർ...
പുത്രസൗഹൃതം കൊതിച്ചീടുമിവർക്കായ്
മക്കൾ നൽകീടുമി വൃദ്ധസദനം...
ഒറ്റപ്പെട്ടുമിവരുടെ ജീവിത താളം
തെറ്റിക്കുമി വൃദ്ധസദനം...
എന്നാൽ ആശ്രയ തണലാകുമീ
വൃദ്ധസദനത്തിലെ മിക്ക വൃദ്ധരും...
ഈ വൃദ്ധരാൽ പിറന്ന പുത്രന്മാരുടെ
ജീവിത താളം തെറ്റരുതെന്നാണ്
ആ വൃദ്ധരുടെ പ്രാർത്ഥന...

അയന 10 C

കവിത

# യാത്ര

'പോയ് വരാം' എന്നെന്റെയചരനോടും
കൺനനയെ തലോടുന്ന അമ്മയോടും
എന്റെ ഗന്ധം ഏറ്റുവാങ്ങാൻ
വിധിക്കപ്പെടാതെ പോയനൈർമല്യത്തോടും
ചവിട്ടിത്തെറുപ്പിച്ച
സായന്തന കിരണങ്ങളോടും

ഒടുവിൽ...
ജീവിച്ച കൊതിതീരാതെ അലിഞ്ഞു ചേരുന്ന
മണ്ണിനോടും

'ഇനിയില്ല ഈ ചിരി

ഇനിയില്ല ഈ കണ്ണുനീർ...'

നീറകൺ ദീപമോടെ കൈവീശി യാത്രയാകുന്നു...

ഞാൻ....!



സനീഷ് കെ

## കന്യാകുമാരിയിലേക്ക്

അതൊരു വേനൽ കാലമായിരുന്നു.രാവിലെ
ഏകദേശം
4.30 യോടെ ഞങ്ങളുടെ യാത്ര ആരംഭിച്ചു.വളരെ പ്രതീക്ഷ-
യോടെ,ആകാംഷയുടെ താമരകൾ വിരിഞ്ഞ ഒരു സുവർണ്ണ
ദിനമായിരുന്നു അത്.കന്യാകുമാരിയിലേക്ക് ആയിരുന്നു
ആ യാത്ര.ഏകദേശം 11.30 ന് തമിഴ്നാട്ടിലെ കന്യാകുമാരി-
യിലെത്തേണ്ടതായിരുന്നു എന്നാൽ തിരുവനന്തപുരത്തുള്ള
കുറച്ച് ക്ഷേത്രത്തിലും അവിടെയുള്ള പ്രധാനപ്പെട്ട
സ്ഥലങ്ങ-
ളിലും കയറി.അതിനു ശേഷം തിരുവനന്തപുരത്തെ ഒരു
നല്ല
ഹോട്ടലിൽ കയറി ബിരിയാണി  കഴിച്ചു. നല്ല രുചിയുള്ള
ബിരിയാണിയായിരുന്നു ഹോട്ടലിലേത്.ഇന്ന് തന്നെ
കന്യാകുമാരിയിൽ പോകുമെന്നായിരുന്നു പറഞ്ഞത്.പക്ഷേ
ഉച്ചകഴിഞ്ഞ് കാഴ്ചബംഗ്ലാവിലും ശംഖുമുഖം,കോവളം എന്നീ
ബീച്ചുകളിൽ കയറി. ഞാൻ ഒരുപാട് വിനോദത്തിൽ ഏർ-

പ്പെട്ടു.കടൽ തിരമാലകളുമായി ഒരുപാട് കളിച്ചു.അച്ഛനും അമ്മയും ഐസ്ക്രീം വാങ്ങി തന്നു.പിന്നെ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ആളുകളും എനിക്ക് ഐസ്ക്രീം വാങ്ങി തന്നു സൂര്യാസ്തമയം കണ്ടു കഴിഞ്ഞ് ബീച്ചിന്റെ അടുത്തുള്ള ഒരു ഹോട്ടലിൽ മുറിയെടുത്തു.പിറ്റേ ദിവസം ഞങ്ങൾ രാവിലെ 8.00 മണിയോടെ യാത്ര ആരംഭിച്ചു. 10.30 ന് ഞങ്ങൾ കന്യാകുമാരിയിൽ ചെന്നു.കന്യാകുമാരിയിലെ
വിവേകാനന്ദ
പാറയിൽ കയറി.അവിടെയുള്ള കൊച്ചു ക്ഷേത്രത്തിൽ തൊ-ഴുതു.7.30 തോടെയാണ് അവിടെ സൂര്യോദയം അത്
ഞങ്ങ-
ൾക്ക് കാണാൻ സാധിച്ചില്ല.കുറെ നേരം അവിടെ
ചിലവഴി-
ച്ചു.വഴിയോര കടകളിൽ നിന്നും കുറെ സാധനങ്ങൾ വാങ്ങി. ഉച്ചയ്ക്ക് ഞങ്ങൾ തന്നെയാണ് ഭക്ഷണം പാകം ചെയ്തത്. വൈകുന്നേരം അസ്തമയെ കണ്ട് അടുത്തുള്ള ഹോട്ടലിൽ നി-ന്ന് മസാലദോശ കഴിച്ചു.നല്ല രുചിയായിരുന്നു.പിറ്റേ
ദിവസം

രാവിലെ ഞങ്ങൾ പത്മനാഭസ്വാമി ക്ഷേത്രത്തിലേക്ക്

തിരി-

ച്ചു.അവിടം ചുറ്റി നടന്ന് കണ്ടിട്ട് ഞങ്ങൾ അതിനടുത്തുള്ള
ഒരു

വെള്ളച്ചാട്ടത്തിലേക്കാണ് പോയത്.അവിടെ ഒരുപാട്
സമയം

ചിലവഴിച്ചു.അതി മനോഹരമായ ഒരു കാഴ്ച്ചയായിരുന്നു
അത്.അത് എന്റെ മനസിനെ വല്ലാണ്ട് ആകർഷിച്ചു.എന്റെ
ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഒരു സുവർണ്ണാവസരം
ആയിരുന്നു അത്.ബസ്സിൽ നല്ല പാട്ടുകൾ ഇട്ടു,എല്ലാവരും
തുള്ളിച്ചാടി.ബസ്സിൽ സിനിമ വച്ചു.തിരിച്ച് വീട്ടിൽ ചെല്ലാൻ
കുറെ നേരത്തെ യാത്രയുണ്ട്.എല്ലാവർക്കും ഒരു റിലാക്സിന്
വേണ്ടി വീണ്ടും ബീച്ചിൽ കൊണ്ടു പോയി.ശംഖു മുഖം ബീ-
ച്ചിലായിരന്നു.അപ്പോൾ സമയം 6.30.ഞാനും എന്റെ ചേച്ചി-
യും കടലിൽ കളിച്ചു.ശംഖു മുഖം ബീച്ചിനടുത്ത് ഒരു വിമാന-
താവളം ഉണ്ടായിരുന്നു.അവിടെ നിന്ന് ഒരു വിമാനം പറന്നു-
യരുന്നത് കണ്ടു.ഞങ്ങൾ കടൽ തീരത്ത് ഐസ്ക്രീം കഴിച്ചു-
കൊണ്ട് അസ്തമയം കണ്ടു.വീട്ടിലേക്ക് മടങ്ങാൻ സമയമായെ-

ന്ന് ബസ് ഡ്രൈവർ പറഞ്ഞു. ഞങ്ങൾ ബസ്സിൽ കയറി വീട്ടി-
ലേക്ക് മടങ്ങി.സമയം കടന്നു പോയി.ഞങ്ങൾ 7.00 മണിയാ-
യപ്പോൾ ബീച്ചിൽ നിന്നും വീട്ടിലേക്കുമടങ്ങി.9.00 മണി
കഴി••••••••••-ഞ്ഞപ്പോൾ ഒരു ഹോട്ടലിൽ കയറി.ഉറക്കം എന്റെ
കണ്ണുകളെ

തഴുകാൻ തുടങ്ങി.11.00 മണിയോടെ വീട്ടിൽ

തിരിച്ചെത്തി.ഈ

യാത്ര എന്റെ ജീവിതത്തിൽ നല്ലൊരു അനുഭവമായിരുന്നു.

ധാരാളം സന്തോഷം തന്ന യാത്ര.ഞാൻ അത് ഒരിക്കലും

മറക്കില്ല...

ആതിര പ്രകാശ്

9c

